മ ത്താ . 2 : 1 – 1 2

**2023 ഡിസംബർ 31**

# വചനഭാഷ്യം

**ഡോ. സോണി മഞ്ഞളി**

## ജ്ഞാനികളുടെ സന്ദർശനം: യാത്ര, നക്ഷത്രം, ആരാധന

മത്തായിയുടെ സുവിശേഷത്തിലെ ആദ്യ രണ്ട് അധ്യായങ്ങൾ യേശുവിന്റെ ജനനവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് വിവരിക്കുന്നത്. ഈ രണ്ട് അധ്യായങ്ങളും മത്തായി സുവിശേഷത്തിന് മൊത്തമായുള്ള ഒരാമുഖം എന്ന രീതിയിലാണ് എഴുതപ്പെട്ടിരിക്കുന്നത്. രക്ഷാകര ചരിത്രത്തെക്കുറിച്ചും യേശുക്രിസ്തുവിന്റെ ദൈവികമായ ഉദ്ഭവത്തെക്കുറിച്ചും ഇവിടെ വിവരിച്ചിരിക്കുന്നു. ഒരു തിരഞ്ഞെടുപ്പിലേക്കാണ് നമ്മെ ഓരോരുത്തരെയും ഈ സുവിശേഷഭാഗം അതിവേഗം ക്ഷണിക്കുന്നത്. ഒന്നുകിൽ രക്ഷകനായി പിറന്നവനെ തിരിച്ചറിയുകയും കർത്താവായി അംഗീകരിക്കുകയും ചെയ്യുക, അല്ലെങ്കിൽ ഹേറോദേസിനെയും യഹൂദ പ്രമാണികളെയും പോലെ നിസംഗരായിനില്ക്കുക. ജ്ഞാനികളുടെ സന്ദർശനമാണ് ഇതിവൃത്തം. അവർ യേശുവിനെ അന്വേഷിച്ചിറങ്ങിയവരാണ്. കർത്താവിനെ തിരിച്ചറിയുകയും ആരാധിക്കുകയും ചെയ്യുന്നുണ്ടിവർ. യേശുവിന്റെ ജനനത്തെക്കുറിച്ചുള്ള വിവരണങ്ങൾ മത്തായിയുടെ സുവിശേഷത്തിലും ലൂക്കായുടെ സുവിശേഷത്തിലും ആണല്ലോ നാം കാണുന്നത്. രണ്ടു സുവിശേഷകരുടെയും യേശുവിന്റെ ജനനത്തെക്കുറിച്ചുള്ള വിവരണങ്ങളിൽ വ്യത്യാസങ്ങളുണ്ടെങ്കിലും സാമ്യങ്ങളുമുണ്ട്. യേശു ജനിക്കുന്നത് ബത്‌ലെഹെമിൽ (മത്താ. 2:1; ലൂക്കാ 2:5). ശിശു വളരുന്നത് നസ്രത്തിൽ (മത്താ. 2:23; ലൂക്കാ 2:39). ജ്ഞാനികളുടെ സന്ദർശനം, ഈജിപ്തിലേക്കുള്ള പലായനം, തിരിച്ചുവരവ് എന്നിവ അടങ്ങുന്ന മത്തായിയുടെ രണ്ടാമത്തെ അധ്യായത്തിന് സമാന്തരമായി ഒന്നും മറ്റു സുവിശേഷങ്ങളിൽ കാണുന്നില്ല.

യഹൂദരിൽ നിന്ന് ശക്തമായ എതിർപ്പ് നേരിടേണ്ടി വന്നിരുന്ന യഹൂദ ക്രൈസ്തവ സമൂഹത്തിന്, യഹൂദരുടെ പ്രതീക്ഷയായിരുന്ന രാജാവും രക്ഷകനുമായിട്ടാണ് യേശു ജനിച്ചത് എന്ന് വ്യക്തമാക്കുക മത്തായി സുവിശേഷകന്റെ സുപ്രധാന ലക്ഷ്യമായിരുന്നു. സംഭവങ്ങൾ നടക്കുന്ന സ്ഥലവിവരണത്തിന്റെ അടിസ്ഥാനത്തിൽ ഈ സുവിശേഷ ഭാഗം രണ്ടു ഭാഗങ്ങളായി തിരിക്കാം. ജെറുസലേമിൽ നടക്കുന്ന സംഭവങ്ങളും (മത്താ. 2:1–9മ), ബത്‌ലഹേമിൽ നടക്കുന്നവയും (മത്താ. 2:9യ).

യേശുവിന്റെ ജനനത്തിന്റെ സമയത്ത് ഹേറോദോസ് രാജാവും അവനോടൊപ്പം ജറുസലേം മുഴുവനും അസ്വസ്ഥമായി. രക്ഷകന്റെ ജനനം അവർ തിരിച്ചറിയാതെ പോയി (മത്താ. 2:3). ഈ തിരസ്കാരം പ്രവചനങ്ങളെയും അടയാളങ്ങളെയും അവഗണിക്കുന്നതിന് തുല്യമായിരുന്നു. അതോടൊപ്പം യേശുവിനെ അംഗീകരിക്കാതെ കുരിശുമരണത്തിന് ഏൽപ്പിച്ചു കൊടുത്ത യഹൂദനേതൃത്വത്തിന്റെ പ്രതീകം കൂടിയാണ്.

യേശു ബത്‌ലഹേമിൽ (അപ്പത്തിന്റെ ഭവനം) ജനിച്ചുവെന്ന സത്യം അവിടുന്ന് രക്ഷകനാണെന്ന് വിളിച്ചു പറയുന്നുണ്ട്. മിക്കാ പ്രവാചകന്റെ പ്രവചനം ഇത് ശരിവയ്ക്കുന്നു (മിക്കാ 5:2). ഇസ്രായേലിനെ ഭരിക്കേണ്ടവനും യുഗങ്ങൾക്കുമുമ്പ് തന്നെയുള്ളവനും ബത്‌ലഹേമിൽനിന്ന് പുറപ്പെടുന്നുവെന്ന് നാം ഇവിടെ വായിക്കുന്നു. യൂദയായിലെ ബത്‌ലഹേം എന്നാണ് മത്തായി സുവിശേഷകൻ വ്യക്തമാക്കുന്നത്. ലൂക്കായും ഇതുതന്നെ രേഖപ്പെടുത്തുന്നുണ്ട് (ലൂക്കാ 2:11). ദാവീദ് ആടുകളെ മേച്ചിരുന്ന സ്ഥലമാണ് ബത്‌ലഹേം (1 സാമു. 17:15). ഈ സാമ്യം വെറും യാദൃശ്ചികമല്ല; കാരണം ഹരിസേയരും നിയമജ്ഞരും ഈ ഉത്തരം തന്നെ ഏറ്റുപറയുന്നുണ്ട് (മത്താ. 2:5).

പൗരസ്ത്യദേശത്തു നിന്ന് വന്ന ജ്ഞാനികൾ ആരെന്ന് സുവിശേഷത്തിൽ വ്യക്തമല്ല, എന്നാൽ അവർ ഈ സുവിശേഷ ഭാഗത്ത് വളരെ പ്രാധാന്യം അർഹിക്കുന്നു. രക്ഷാകര പദ്ധതിയുടെ ഭാഗമാണ് ഈ ജ്ഞാനികൾ. നീതിമാന്മാരും പാപികളും നിറഞ്ഞ സകല ജനതകളെയും ഉൾക്കൊള്ളുന്ന ഒരു ലോകത്താണ് രക്ഷകൻ പിറന്നുവീണതെന്ന് യേശുവിന്റെ വംശാവലി ഗ്രന്ഥം വ്യക്തമാക്കുന്നു. കാരണം യേശുവിന്റെ വംശാവലിയിൽ വിജാതീയരായ 4 സ്ത്രീകളെ പറ്റിയും പാപികളായ രാജാക്കന്മാരെ പറ്റിയും പറയുന്നുണ്ട്. പൗരസ്ത്യദേശത്തു നിന്നു വന്ന ജ്ഞാനികൾ സാർവത്രിക രക്ഷയുടെ സന്ദേശം

നൽകുന്നു. യേശുവിനെ രാജാവായി തിരിച്ചറിയുകയും യേശുവിനെ ആരാധിക്കുകയും ചെയ്യുന്നു (മത്താ. 2 2–11).

ഈ സുവിശേഷ ഭാഗത്ത് നമ്മെ ധ്യാനിപ്പിക്കുകയും പുതിയ അർത്ഥതലങ്ങളിലേക്ക് നമ്മെ നയിക്കുകയും ചെയ്യുന്ന മൂന്നു വിഷയങ്ങൾ താഴെ സൂചിപ്പിക്കാം:

1) **യാത്ര**: ഒരു യാത്രയെക്കുറിച്ച് ഇവിടെ പരാമർശിക്കുന്നുണ്ട്. അത് ഒരു പുറപ്പാട് കൂടിയാണ്. ഈ യാത്ര ജ്ഞാനികളുടേതാണ്. തങ്ങളുടെ ദേശം വിട്ട് രാജാവായ ക്രിസ്തുവിനെ തേടി പുറപ്പെടുന്നവർ. ദേശങ്ങൾ കടന്നും തടസ്സങ്ങൾ മറികടന്നും ഉള്ള യാത്ര. ഒരുവന്റെ വിശ്വാസജീവിതത്തിലുള്ള യാത്രയെയും ഇത് സൂചിപ്പിക്കുന്നുണ്ട്.

പൂർവ പിതാക്കന്മാരായ അബ്രാഹവും യാക്കോബും പിന്നീട് മോശയും ഇസ്രായേൽ ജനവും എല്ലാം ഈ യാത്രകൾ നടത്തുന്നുണ്ട്. ഭൂമിശാസ്ത്രപരമായ യാത്രയാണ് പ്രത്യക്ഷത്തിൽ വ്യക്തമാക്കുന്നതെങ്കിലും അവരുടെ ജീവിതത്തിന്റെ മാനസാന്തരവും വിശ്വാസജീവിതയാത്രകളും ഇവിടെ വളരെ പ്രസക്തമാണ് (ഉത്പ. 12:1; 28:10; 29:1; 31:3; പുറ. 3:10, സങ്കീ. 83:6).

2) **നക്ഷത്രം**: ജ്ഞാനികളെ രക്ഷകനിലേക്ക് ആനയിക്കുന്നത് നക്ഷത്രമാണ്. പരിഭ്രാന്തമായ അവരുടെ രാത്രികളെ പ്രകാശപൂർണ്ണമാക്കുകയും ഹൃദയങ്ങളെ ജ്വലിപ്പിക്കുകയും ചെയ്യുന്ന നക്ഷത്രം. ബൈബിളിൽ ഉടനീളം മഹത്വത്തിന്റെയും അനുഗ്രഹത്തിന്റെയും അടയാളമാണ് നക്ഷത്രം. (സങ്കീ. 148:3, ബാറൂ. 3:34). ഉല്പത്തി പുസ്തകം 1:16 ലാണ് ബൈബിളിൽ ആദ്യമായി നക്ഷത്രം എന്ന വാക്ക് പ്രത്യക്ഷപ്പെടുന്നത്. ''കൊക്കാബ്'' എന്ന ഹീബ്രു വാക്കാണ് ഇവിടെ നക്ഷത്രത്തിന് ഉപയോഗിച്ചിരിക്കുന്നത്. ഈ വാക്കിന് വിവിധ അർത്ഥതലങ്ങളുണ്ടെങ്കിലും ''ദൈവത്തിന്റെ നിരന്തരമായ സംരക്ഷണം'' എന്നൊരു അർത്ഥവും ഉണ്ട്. ഈ സംരക്ഷണം നാം നമ്മെ തന്നെ ദൈവത്തിന് പൂർണ്ണമായി സമർപ്പിക്കുമ്പോൾ സംഭവിക്കുന്നതാണ്. നക്ഷത്രം നമ്മെ വിശ്വാസജീവിതത്തിന്റെ പാതയിലാണ് നയിക്കുന്നത്. അത് നമ്മെ ബത്‌ലഹേമിലേക്ക് അടുപ്പിക്കുന്നു; അപ്പത്തിന്റെ ഭവനത്തിലേക്ക് നമ്മെ നയിക്കുന്നു. അതോടൊപ്പം രക്ഷകനിലേക്ക് നയിക്കുന്ന നക്ഷത്രങ്ങളായി നാം മാറണമെന്നും ഇത് നമ്മെ ഓർമ്മിപ്പിക്കുന്നു.

3) **ആരാധന**: മനുഷ്യനോളം പഴക്കമുള്ളതാണ് ദൈവത്തോടുള്ള ആരാധനയും. ദൈവവുമായുള്ള മനുഷ്യന്റെ ബന്ധം എപ്പോഴും എളിമയിലും സ്നേഹത്തിലും ആത്മസമർപ്പണത്തിലും അടങ്ങിയിരിക്കുന്നു. പഴയനിയമത്തിൽ ആരാധന എന്നത് ദൈവത്തോടുള്ള അഗാധമായ സ്നേഹത്തിന്റെയും ഒരുവന്റെ പൂർണ്ണമായ സഹകരണത്തിന്റെയും പ്രതീകമാണ്. പ്രസ്തുത ആരാധന ദൈവത്തിന്റെ മുമ്പിൽ മുട്ടുകുത്തി തലതാഴ്ത്തിക്കൊണ്ടുള്ള പ്രാർത്ഥനയാണെന്ന് പഴയനിയമത്തിൽ നമുക്ക് കാണാം. മനുഷ്യന്റെ തലയും നോട്ടവും ശ്വാസവും പൊടിയിലേക്ക് തിരിച്ചെത്തുമ്പോൾ താൻ ദൈവത്തിന്റെ സൃഷ്ടിയാണെന്നും ദൈവം തന്റെ നാസാരന്ധ്രങ്ങളിലൂടെ ശ്വസിച്ചപ്പോഴാണ് ജീവൻ ഉണ്ടായത് എന്നും അവൻ തിരിച്ചറിയുന്നു. സങ്കീർത്തനം 95:16 പറയുന്നതുപോലെ ''വരുവിൻ നമുക്ക് കുമ്പിട്ട് ആരാധിക്കാം; നമ്മെ സൃഷ്ടിച്ച കർത്താവിന്റെ മുമ്പിൽ മുട്ടുകുത്താം.''

പുതിയ നിയമത്തിൽ ആരാധനയ്ക്ക്, ദൈവത്തോടൊപ്പമുള്ള അനുധാവനവും മാനസാന്തരവും അർത്ഥതലങ്ങൾ പ്രകടമാക്കുന്നു. ആന്തരികതയിലുള്ള വളർച്ചയുടെ അടയാളവുമാണിത്. ഉത്ഥിതനായ യേശുവിനെ ആരാധിക്കുന്ന ശിഷ്യന്മാരെയും സ്ത്രീപുരുഷന്മാരെയും സുവിശേഷങ്ങളിൽ കാണാൻ സാധിക്കുന്നു (മത്താ. 28:9; ലൂക്കാ 24:52). വിശുദ്ധ പത്രോസ് ശ്ലീഹാ വ്യക്തമായി പറയുന്നു: ''ക്രിസ്തുവിനെ കർത്താവായി നിങ്ങളുടെ ഹൃദയത്തിൽ പൂജിക്കുവിൻ'' (1 പത്രോ. 3:15).